# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6427** **03.04.2018 ലെ മറുപടി**

### വൈപ്പിൻ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കുളങ്ങളുടെ നവീകരണത്തിനായി 2016-17, 2017-18 വർഷങ്ങളിൽ എറണാകുളം ജില്ലയിൽ എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ പ്രവൃത്തികളാണ് നടപ്പാക്കിയതെന്നും വിശദമാക്കാമോ; | (എ) കുളങ്ങളുടെ നവീകരണത്തിനായി 2016-17 , 2017-18 വർഷങ്ങളിൽ എറണാകുളം ജില്ലയിൽ ചിലവഴിച്ച തുകയും അനുബന്ധ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. കൂടാതെ ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി 64.4 ലക്ഷം രൂപയ്ക്ക് 81 കുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത കാലയളവിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-17 കാലഘട്ടത്തിൽ, പള്ളിപ്പുറം പഞ്ചായത്തിലെ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിനു സമീപം പഞ്ചായത്തുകുളത്തിന്റെ നവീകരണം, എളങ്കുന്നപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രകുളം നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 25,06,448/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 കാലഘട്ടത്തിൽ ഹരിതകേരളം പദ്ധതിയിൽപ്പെടുത്തി എളംകുന്നപുഴ ക്ഷേത്രക്കുളം, ഞാറക്കൽ നമ്പൂതിരി പറമ്പ് കുളം എന്നീ കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

2017-18 വർഷത്തിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ എടവനക്കാട് പ്രദേശത്ത് നാല് പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 3.77 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പണി പ്രാവർത്തികമാക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**2016–17**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ചിലവഴിച്ച തുക |
|---|---|---|
| 1. | പള്ളിപ്പുറം പഞ്ചായത്തിലെ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിനു സമീപം പഞ്ചായത്തുകുളത്തിന്റെ നവീകരണം | 11,75,000/- |
| 2. | കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലെ വാർഡ് നം.1 -ൽ കുളങ്ങരക്കുളം നവീകരണം | 12,01,457/- |
| 3. | ഒരു പഞ്ചായത്തിൽ ഒരു കുളം - മൂവാറ്റുപുഴ നദീതടം - പിണ്ടിമന പഞ്ചായത്തിലെ എരട്ടപൊട്ടചിറ കുളത്തിന്റെ നവീകരണം | 47,47,646/- |
| 4. | കറുകുറ്റി പഞ്ചായത്തിലെ വാർഡ് നം.2 -ലെ പാണ്ടൻചിറയുടെ നവീകരണം | 41,35,831/- |
| 5. | ആർ. ആർ. ആർ. - മൂവാറ്റുപുഴ നദീതടം-ഉദയം പേരൂർ പഞ്ചായത്തിലെ പാപ്പാനി കുളത്തിന്റെ നവീകരണം | 26,135/- |
| 6. | ആർ. ആർ. ആർ. - എളങ്കുന്നപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രകുളം നിർമ്മാണം | 13,31,448/- |
| 7. | ടാങ്കുകളുടേയും കുളങ്ങളുടേയും പുനരുദ്ധാരണം - ചാലക്കുടി നദീതടം - കറുകുറ്റി പഞ്ചായത്തിലെ വാർഡ് നം.2 - പാണ്ടൻചിറയുടെ നവീകരണം | 13,52,163/- |
| 8. | ഒരു പഞ്ചായത്തിൽ ഒരു കുളം പുനരുദ്ധാരണം - പെരിയാർ നദീതടം - കടുങ്ങല്ലൂർ പഞ്ചായത്തിലെ ഇലത്താലികുളത്തിന്റെ നവീകരണം | 5,78,717/- |
| | ആകെ | 1,45,48397/- |

**2017–18**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1. | മൂവാറ്റുപുഴ നദീതടം - മാറാടി പഞ്ചായത്തിലെ വാർഡ് നം.8 -ലെ കാക്കൂർചിറയുടെ നവീകരണം | 41,31,331/- |
| 2. | പെരിയാർ നദീതടം - എടത്തല പഞ്ചായത്തിലെ നൊച്ചിമ പൊട്ടച്ചിറകുളത്തിന്റെ നവീകരണം | 43,30,007/- |
| 3. | പെരിയാർ നദീതടം - കീഴ്മാട് പഞ്ചായത്തിലെ അമ്പലച്ചിറ (ഏറാടിച്ചിറ) യുടെ നവീകരണം | 38,78,797/- |

**സെക്ഷൻ ഓഫീസർ**